പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2591 07.10.2016-ലെ മറുപടിക്ക്

## വികലാംഗർക്കുള്ള സൗജന്യ യാത്രാപ്പാസ് പുതുക്കി നൽകുന്നതിന് നടപടി

ചോദ്യം

ശ്രീ. ബി.ഡി. ദേവസ്സി

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചാലക്കുടി മണ്ഡലത്തിൽപ്പെട്ട അന്നനാട് സ്വദേശികളും മൂകരും ബധിരരും സഹോദരങ്ങളുമായ പനങ്ങാട്ടു പറമ്പിൽ പ്രദീപ്, പ്രകാശൻ എന്നിവർക്ക് കെ.എസ്. ആർ.ടി.സി. നേരത്തെ അനുവദിച്ചിരുന്ന വികലാംഗർക്കുള്ള സൗജന്യ യാത്രാപ്പാസ് പുതുക്കി നൽകുന്നതിനുള്ള അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ഈ വ്യക്തികൾ ബധിര-മൂകർക്കുള്ള പാസിന് 2011-ൽ കെ.എസ്.ആർ.ടി.സി ചാലക്കുടി ഡി.റ്റി.ഒ മുഖേന അപേക്ഷിയ്ക്കുകയും അതേ തുടർന്ന് പാസ് നമ്പർ. 8604, 8607 അനുവദിക്കുകയും ചെയ്തിരുന്നു. എന്നാൽ പാസ് വിതരണം ചെയ്യുന്ന സമയത്ത് മേൽപ്പടി വ്യക്തികൾ ബധിരരും മൂകരും അല്ലായെന്ന് ചാലക്കുടി യൂണിറ്റാഫീസർക്ക് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ തുടർന്ന് പാസ് പിൻവലിക്കുകയും ആ വിവരം കെ.എസ്.ആർ.ടി.സി.യുടെ ആസ്ഥാനത്ത് അറിയിക്കുകയും ചെയ്തിരുന്നു. |
| (ബി) | ഇതിനായി ട്രാൻസ്പോർട്ട് കമ്മീഷണർ, കെ.എസ്.ആർ.ടി.സി. എം.ഡി. എന്നിവർക്കടക്കം സമർപ്പിച്ച അപേക്ഷകളിൽ നടപടി സ്വീകരിക്കുമോ? | (ബി) | ഈ വിഷയത്തിൽ തീരുമാനമെടുക്കേണ്ടത് കെ.എസ്.ആർ.റ്റി.സി-യാണ്. കെ.എസ്.ആർ. റ്റി.സി-യുടെ യൂണിറ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ പുനഃപരിശോധന ആവശ്യമുള്ളതായി കണ്ടില്ല. ആയതിനാൽ പ്രസ്തുത വ്യക്തികളുടെ യാത്രാ സൗജന്യപാസ് അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ